# സ്കൂൾ കലോത്സവം: സർഗാത്മകതയുടെ വിളവുകേന്ദ്രം

ഏഷ്യയിലെ ഏറ്റവും വലിയ കലാമേളയായ സ്കൂൾ കലോത്സവം സർഗാത്മകതയുടെ വിളവു-കേന്ദ്രമാണ്. സ്കൂൾ - ~~സബ്ജില്ല~~ ഉപജില്ല - ജില്ല - സംസ്ഥാന തലങ്ങളിലായി നടത്തിവരുന്ന ഈ കലാമാമാങ്കം വിദ്യാർത്ഥികൾക്ക് എന്നും ആവേശം പകരുന്നു. കുട്ടികളിൽ അന്തർലീനമായി കിടക്കുന്ന സർഗപരമായ ശേഷികളെ പരിപോഷിപ്പിക്കുക എന്നതാണ് സ്കൂൾ കലോത്സവത്തിന്റെ പ്രഥമ ലക്ഷ്യം.

സർഗാത്മകത എന്നാലെന്ത്? മനുഷ്യന്റെ ക്രിയാത്മകവും സർഗപരവുമായ കഴിവുകളുടെ ആവിഷ്കാരമാണത്. സർഗശേഷിയില്ലെങ്കിൽ മനുഷ്യരില്ല. മാനവരാശിയുടെ നിലനിൽപ്പി-ന്നാധാരം സർഗ്ഗശക്തിയാണെന്ന് നിസ്സംശയം പറയാം.

'തൂലിക പടവാളാക്കിയ കവി' എന്ന് വിശേഷിപ്പിക്കപ്പെടുന്ന ശ്രീ. വയലാർ രാമവർമ സർഗാത്മകതയുടെ പ്രാധാന്യം വാത്തോ-

രാതെ സംസാരിക്കുന്ന വ്യക്തിയാണ്. 'അശ്വ-
മേധം' എന്ന അദ്ദേഹത്തിന്റെ കവിതയിൽ
സർഗാത്മകയുടെ കടന്നുവരവിനെപ്പറ്റിയും
ചരിത്രത്തെപ്പറ്റിയും പ്രതിപാദിക്കുന്നു.
മനുഷ്യന്റെ അജ്ഞേയമായ ശക്തിയുടെ അടി-
സ്ഥാനം സർഗശേഷിയാണെന്ന് കവി അഭി-
പ്രായപ്പെടുന്നു. തന്റെ രചനകളിലൂടെ
സാമൂഹ്യപരിവർത്തനം സാധ്യമാക്കിയ കവി
സാഹിത്യരചനകളുടെ ആഘാതം വ്യക്ത-
മാക്കിത്തരുന്നു. പണ്ടുകാലത്ത് രാജസ്തു-
തികളിലും ദൈവസ്തുതികളിലും മാത്രം ഒതു-
ങ്ങിനിന്ന കവിത സാധാരണക്കാരനിലേക്കും
എത്തിയത് പൂർവികരുടെ പ്രയത്നഫല-
മായിട്ടാണ് എന്നതാണ് കവിതയുടെ രത്ന-
ച്ചുരുക്കം.

~~സർഗാത്മകതയുടെ~~

സർഗാത്മകതയുടെ നാൾവഴികൾ

പരിശോധിക്കുമ്പോൾ മാനവരാശിയും പു-
രോഗതി പ്രാപിച്ചതായി കാണാം. ഇതിൽ

നിന്നും സമൂഹത്തിന്റെ സ്പന്ദനം അവിടുത്തെ ആളുകളുടെ സർഗാത്മകതയിലാണ് എന്ന് നാം തിരിച്ചറിയുന്നു.

ഓരോ വ്യക്തിയുടെയും ഉള്ളിലുള്ള സർഗ്ഗവാസനകൾ തിരിച്ചറിഞ്ഞ് അതിനെ വികസിപ്പിച്ചെടുക്കുവാനുള്ള ധാരാളം അവസരങ്ങൾ ഇന്ന് ~~[illegible]~~ സുലഭമാണ്. അതിൽ ഏറ്റവും മികച്ച വേദിയാണ് സ്കൂൾ കലോത്സവം ഒരുക്കുന്നത്.

62 വർഷങ്ങളായി നടത്തിവരുന്ന കേരള സ്കൂൾ കലോത്സവം ഓരോ മലയാളിയുടെയും പ്രിയങ്കരമായ ഒന്നാണ്. വിദ്യാർത്ഥികളുടെ കലാവാസനകളെ തിളക്കമേറിയതാക്കുന്നു. ഈ കലാമേളയിലൂടെ വിവിധ കലാമേഖലകളിൽ കഴിവ് തെളിയിക്കാനുള്ള അവസരം ഓരോരുത്തർക്കും ലഭിക്കുന്നു.

ഉത്സവങ്ങൾ എന്നും ഹരമായി കാണുന്ന മലയാളജനത കലോത്സവത്തെ നെഞ്ചോടു ചേർക്കുന്നു. കലാ, സാഹിത്യം, സം-

ഗീതം, നൃത്തം ഇങ്ങനെ വൈവിധ്യമാർന്ന മേഖലകളിൽ പ്രാവീണ്യം നേടിയവർക്ക് അസുലഭ മുഹൂർത്തം തന്നെയാണ് സ്കൂൾ കലോത്സവം.

ഒരുപക്ഷേ, തങ്ങളുടെ കഴിവുകൾ തിരിച്ചറിയാനാവാതെ വിഷമിക്കുന്ന വിദ്യാർത്ഥികൾക്ക് അവ കണ്ടെത്താനുള്ള അവസരം ഇത്തരം കലോത്സവങ്ങളിൽ പങ്കെടുക്കുന്നതിലൂടെ ലഭിക്കും. എല്ലാവരുടെയുള്ളിലും ഏതെങ്കിലും തരത്തിലുള്ള കഴിവുകൾ ഒളിച്ചുകിടപ്പുണ്ട്. എന്ന തിരി- ~~ച്ചറിവിലേക്ക്~~ ~~ഇ~~ ച്ചറിവിലേക്ക് ഇത്തരം വേദികൾ നയിക്കുന്നു.

ഇതൊരു മത്സരമായി കാണേണ്ട ആവശ്യകത ഇല്ലെന്നതാണു സാരം. ജയമോ തോൽവിയോ, അല്ല ഇവിടെ പ്രാധാന്യമർഹിക്കുന്നത്, മറിച്ച് പങ്കെടുക്കലും സാന്നിധ്യവുമാണ്. ചുരുക്കത്തിൽ മത്സര ചിന്ത വെടിയണമെന്നു സാരം.

ജാതി-വർണ്ണ-ലിംഗ ഭേദമില്ലാതെ എല്ലാവർക്കും ഒരുപോലെ പങ്കെടുക്കാം എന്നുള്ളത് കലോത്സവം മുന്നോട്ടു വയ്ക്കുന്ന സമഭാവന ചൂണ്ടിക്കാട്ടുന്നു. സമൂഹത്തിലെ പണക്കാരനെന്നോ പാവപ്പെട്ടവനെന്നോ വ്യത്യാസമില്ലാതെ സമത്വത്തിന്റെ ചന്നാദീപം തെളിയിക്കുകയാണ് സ്കൂൾ കലോത്സവം... കലയോടുള്ള അടങ്ങാത്ത അഭിനിവേശം മാത്രം ~~[illegible]~~ മതി കലോത്സവത്തിൽ വെന്നിക്കൊടി പാറിക്കാൻ. വ്യത്യസ്ത ജില്ലകളിലെ കലാപ്രതിഭകൾ സമ്മേളിക്കുന്ന സംസ്ഥാന കലോത്സവം വൈവിധ്യങ്ങളുടെ മഹാപ്രപഞ്ചം നമുക്ക് മുന്നിൽ തുറന്നിടുകയാണ് വൈവിധ്യങ്ങളുടെ നിറപ്പകിട്ടാർന്ന ലോകത്ത് ഒരുമയുണ്ട്, സമഭാവനയുണ്ട് എന്നതാണ് കലോത്സവം നൽകുന്ന പ്രധാന സന്ദേശം. "നാനാത്വത്തിൽ ഏകത്വം"..... എന്നതിനുദാഹരണമാണിത്.......

പൊതുവേയുള്ള കലകൾ മാത്രമല്ല,

~~മൺമറഞ്ഞു~~ പ്രാദേശിക കലാകാരുടെയും സംരക്ഷിപ്പിനായും കലോത്സവം നിലകൊള്ളുന്നു. നമ്മുടെ നാടിന്റെ സ്വന്തം കലകൾ മൺമറഞ്ഞുപോവാതെ സംരക്ഷിക്കുന്ന ~~ഇന്നില്ലാതാണ് സ്കൂൾ~~ ഇടമാണ് സ്കൂൾ കലോത്സവം. പ്രാദേശിക കലകളുടെ തനിമയും ഭംഗിയും ചോർന്നുപോവാതെ അവതരിപ്പിക്കാനുള്ള പ്രേരണ ലഭിക്കുന്നതിലൂടെ ആ കലകൾ സംരക്ഷിക്കപ്പെടുകയായി. നൂറ്റാണ്ടുകൾക്കു മുമ്പ് നിലനിന്നിരുന്ന കുഞ്ചൻ നമ്പ്യാരുടെ ഓട്ടൻതുള്ളലും പോർച്ചുഗീസുകാരുടെ ചവിട്ടുനാടകവും കലോത്സവവേദികളിൽ സജീവമാണ്. കലകൾക്ക് അന്ത്യമില്ല. അവ മനുഷ്യഹൃദയങ്ങളിൽ ജീവിക്കുന്നു എന്നതിന് തെളിവാണിത്.

നാടൻപാട്ടിന്റെ ഈരടികളും വഞ്ചിപ്പാട്ടിന്റെ വായ്ത്താരികളും മലയാളിയുടെ നാവിൽ പണ്ടേ ഇടം പിടിച്ചതാണ്. കല അവതരിപ്പിക്കുക എന്നത് പോലെ

പ്രാധാന്യമർഹിക്കുന്നതാണ്. മികച്ച
കലാസ്വാദനം. കലോത്സവ വേദികളിലെ
കാണികൾ കലാസ്വാദകർ എപ്പോഴും
നിലനിൽക്കുന്നു എന്ന സത്യത്തിലേക്ക്
വിരൽ ചൂണ്ടുന്നു. മികച്ച കലാസ്വാദകനാ
വുക എന്നത് ആധുനിക ലോകത്ത് ഒരു
കടുപ്പമേറിയ സംഗതിയാണ്. കലയോടും
ക്രിയാത്മകതയോടും താൽപ്പര്യമില്ലാത്തവരും
നമ്മുടെയിടയിലുണ്ട്. ഒരു തരത്തിലുമുള്ള
കലയോടും പ്രതിപത്തിയില്ലാത്തവർ സഹ്
ഹൃദയരായിരിക്കില്ല. നല്ല ഒരു വ്യക്തി, നല്ല
കലാസ്വാദകനായിരിക്കും. യന്ത്രവത്കരിത
മായിക്കൊണ്ടിരിക്കുന്ന ആധുനിക ലോകത്ത്
സർഗാത്മകതയുടെ തിരിനാളം കെടാതെ
സൂക്ഷിക്കുക എന്നത് ഒരു അവശ്യകത
ആയി മാറിയിരിക്കുന്നു.

ബഹുവിധ കലാമേളകളിൽ
സ്കൂൾതലത്തിൽ പങ്കെടുക്കുന്നവരും
ഒന്നിലും പങ്കെടുക്കാത്തവരും ഉണ്ട്-

നുള്ളത് വസ്തുതയാണ്. വിദ്യാർത്ഥികളിലെ മടി, നാണം, ആത്മവിശ്വാസക്കുറവ്, തുടങ്ങിയവയാണ് അവരെ കലാപ്രകടന വേദികളിൽ നിന്നും പിന്തിരിയാൻ പ്രേരിപ്പിക്കുന്നത്. സ്വയം ഒരു വിശ്വാസം സൃഷ്ടിച്ചെടുക്കലാണ് ആദ്യ പടി. ഒരു പരിപാടിയിൽ പങ്കെടുക്കുന്നതോടെ പേടി മാറിക്കിട്ടുന്നു.

സ്കൂൾ കലോത്സവങ്ങളുടെ ഏറ്റവും വലിയ ഗുണമെന്നത് ഓരോ ഘട്ടങ്ങളിലായി പങ്കെടുക്കാമെന്നതാണ്. സ്കൂൾ തല വിജയി സംസ്ഥാന തലത്തിലേക്ക് എത്തുമ്പോഴേക്കും അവന്റെ/അവളുടെ കഴിവിന്റെ പാരമ്യത്തിലെത്താൻ ശ്രമിച്ചിട്ടുണ്ടാവും. ഓരോ തലത്തിലും പല തരത്തിലുള്ള സഹവിദ്യാർത്ഥികളെ കാണാൻ സാധിക്കുന്നു. ഇനി അടുത്ത തലത്തിലേക്ക് നിയമിതനായില്ലെങ്കിലും തനിക്ക് എവിടെയാണ് തെറ്റുപറ്റിയത് എന്ന് തിരിച്ചറിയാനുള്ള

അവസരമുണ്ടാകുന്നുണ്ട്.

കേവലം കലയുടെ പ്രകടനം മാത്രമല്ല കലാപ്രതിഭകൾക്കുള്ള ആദരവ് കൂടിയാണ് കലോത്സവത്തിലൂടെ ലഭിക്കുന്നത്. പലപ്പോഴും കലാപ്രതിഭകൾക്ക് വേണ്ട അംഗീകാരം ലഭിക്കാത്ത അവസ്ഥ കേരളത്തിലുണ്ടായിട്ടുണ്ട്. മലയാളത്തിലെ ഗാനഗന്ധർവൻ ശ്രീ യേശുദാസ് സ്കൂളിൽ പഠിക്കുന്ന കാലം തൊട്ടേ യുവജനോത്സവങ്ങളിൽ പങ്കെടുത്തിരുന്ന വ്യക്തിയാണ്. അദ്ദേഹത്തിന്റെ കഴിവ് കൂടുതൽ ~~പ്രദ~~ പ്രകാശപൂരിതമാക്കാൻ അത്തരം വേദികൾക്ക് സാധിച്ചു. ഇന്നത്തെ സമൂഹത്തിൽ പലരും ഇത്തരം വേദികൾ കിട്ടാതെപോയതിൽ വിഷമിക്കുന്നുണ്ടാവും. ~~അവരും~~ പക്ഷേ അവരുടെ മക്കൾക്കോ മരുമക്കൾക്കോ ~~ഇക്കരം~~ കലോത്സവത്തിൽ തിളങ്ങാനുള്ള അവസരം ലഭിക്കുമ്പോൾ അവർ ആത്മനിർവൃതിയടയുന്നു.

62 nd Kerala School Kalolsavam, January 4 to 8, 2024, Kollam

Item Code: 944 Participant Code: 124

കലാപ്രതിഭകൾ എന്നും നാടിനും വീട്ടുകാർക്കും അഭിമാനമാണ്. അവരാണ് നാടിനെ പ്രശസ്തമാക്കുന്നത്. ഇന്നത്തെ പല താരങ്ങളും പണ്ടത്തെ കലോത്സവ വേദികളിൽ തിളങ്ങിയവരാണ്. കഴിഞ്ഞുപോയ കാലങ്ങൾ മധുരസ്മൃതികളായി അവരുടെ അന്തരംഗത്തെ കുളിരണിയിപ്പിക്കുന്നു.

കലാപ്രതിഭകളായിരുന്നിട്ടും ഭാവിയിൽ കല വിട്ട് മറ്റ് ജോലികളിൽ ഊന്നൽ നൽകിയവരും നമ്മുടെ സമൂഹത്തിൽ വിരളമല്ല. കലയോട് പ്രതിപത്തിയുണ്ടെങ്കിലും ധനസമ്പാദനത്തിനായി മറ്റ് തൊഴിലുകളെ അവർക്ക് ആശ്രയിക്കേണ്ടിവരുന്നു. കലാമേഖലകളി കളും ഉപജീവനമാർഗ്ഗമാക്കിയവരും നമ്മുടെയിടയിലുണ്ട്. ജീവിതത്തിൽ കലയും സർഗാത്മകതയും മുറുകെപ്പിടിക്കണം എന്ന് കലോത്സവം നമ്മോട് ഉദ്ഘോഷിക്കുന്നു.

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

കലോത്സവ ഇടങ്ങളിൽ വിദ്യാർത്ഥികൾക്ക് കൂട്ടായി രക്ഷിതാക്കളും അധ്യാപകരും അണിനിരക്കുന്നു. ഇവരുടെ പൂർണ്ണ പിന്തുണ വിദ്യാർത്ഥികൾക്ക് തണലും താങ്ങുമാണ്. അതിൽനിന്നും പ്രചോദനമുൾക്കൊള്ളാൻ ശ്രമിക്കുന്നവരാണ് അധികവും. കൂടാതെ ആ പ്രദേശത്തുള്ള നാട്ടുകാരും എല്ലാവിധ സഹായങ്ങളും ഒരുക്കിതരുന്നു. ഇങ്ങനെ കൂട്ടായ പ്രയത്നത്തിന്റെ ഫലങ്ങളാണ് ഓരോ കലാപ്രതിഭയും.

നമ്മുടെ നാടിന്റെ സാംസ്കാരിക വളർച്ചയ്ക്ക് മുതൽക്കൂട്ടാണ് സ്കൂൾ കലോത്സവം... കേരളീയ സംസ്കാരം വാനോളം ഉയർത്താൻ കലോത്സവ വേദികൾ ഉതകുന്നു. പാശ്ചാത്യസംസ്കാരത്തിന്റെ സ്വാധീനം ഏറിവരുന്ന ~~ആധുനിക~~ യുഗ. വർത്തമാന സമൂഹത്തിൽ നമ്മുടെ നാടിന്റെ പൈതൃകവും സംസ്കാരവും

ഉയർത്തിക്കാട്ടുക എന്നത് ചിന്താ-
ദീപകമായ പ്രവർത്തനമാണ്.

കല ഒരു വികാരമാണ്. നമ്മുടെ
വർത്തമാന സമൂഹത്തിൽ അത്യന്താ-
പേക്ഷിതമായ സർഗാത്മകത ഓരോ
~~മനുഷ്യനെ~~ മനുഷ്യന്റെയും ഹൃദയത്തെയും സ്വാധീനി-
ക്കുന്നു എന്നതിന് തെളിവാണ് സ്കൂൾ
കലോത്സവം.

ഇന്നത്തെ കലോത്സവവേദികളിൽ
വിരലിൽ എണ്ണാവുന്ന ഇടങ്ങളിൽ തെറ്റായ
മൂല്യനിർവഹണം ~~നടക്കെ~~ നടക്കുന്നുണ്ട്
എന്നത് ഒരു വാസ്തവമാണ്. ഇ ~~വിദ~~
കുട്ടികളുടെ ഉള്ളിൽ അമിത മത്സരചിന്ത
ഉണ്ടാവുകയും അത് അവരുടെ ~~ഭ~~ യഥാർ
ത്ഥ കലാവിഷ്കാരത്തെ ബാധിക്കുക
യും ചെയ്യുന്നു. ~~മ~~ മാതാപിതാക്കൾ
തമ്മിലുള്ള മത്സരമായി ഇത് മാറുന്ന
പ്രവണതയും നമുക്ക് അപൂർവമല്ല.
~~കൈക്കൂ~~ പണം നൽകി ~~ക~~ വിധികർത്താക്ക-

62 nd Kerala School Kalolsavam, January 4 to 8, 2024, Kollam

Item Code: 944 Participant Code: 124

ളെ സ്വാധീനിക്കുന്നത് വഴി നശിക്കുന്നത് സർഗാത്മകതയാണ്. ഈ അന്യായ പ്രവ- ണത എവിടെയെങ്കിലും അവശേഷി- ക്കുന്നുണ്ടെങ്കിൽ തീർച്ചയായും അത് നിർത്തേണ്ടതാണ്.

"ശക്തമായ വികാരങ്ങളുടെ അനിർ ഗള പ്രവാഹമാണ് കവിത."

- വില്യം വേർഡ്സ്‌വർത്ത്

~~വിശ്വസാഹിത്യകാര~~ കവിയുടെ അഭിപ്രായമാണിത്. ഇത്തരത്തിൽ വികാരങ്ങളുടെ അനുസ്യൂതമായ പ്രവാഹം തന്നെയാണ് ~~ഒരു~~ ഓരോ സർഗാപരമായ സൃഷ്ടിയും. സാഹിത്യമായാലും സംഗീതമായാലും ഇട തടവില്ലാത്ത ഒരു വികാരപ്രപഞ്ചമാണ് സൃഷ്ടിക്കപ്പെടുന്നത്. സ്കൂൾ കലോത്- സവം ഇവയ്ക്ക് സാക്ഷ്യമാവുന്നു എന്നത് സ്തുത്യർഹമാണ്.

ഈ മഹത്തായ കലാമാമാങ്ക- ത്തിൽ വിജയികളും തോറ്റവരും ഇല്ല...

സർഗശേഷികളുടെ മൂല്യവത്തായ ആവിഷ്കാരം മാത്രം അവശേഷിക്കുന്നു. ജാതി-മത-വർണ്ണ ചിന്തകളിൽ നിന്നും പുറത്തുകടന്ന് വൈവിധ്യങ്ങളെ അംഗീകരിക്കാനുള്ള അവസരത്തിലൂടെ ചിന്താഗതികളിൽ മാറ്റമുണ്ടാവുന്നു.

സ്കൂൾ കലോത്സവം വിദ്യാർത്ഥികളുടെ ഉത്സവമാണ്. ~~അതുകൊ~~ അവരുടെ സ്വന്തമെന്ന് അഹങ്കരിക്കാവുന്ന ഒന്നാണ്. ഓരോ കലാപ്രതിഭക്കും ഓരോ കഥ പറയാനുണ്ടാവും. പരിശ്രമത്തിലൂടെ, ആത്മവിശ്വാസത്തിലൂടെ, പിന്തുണയിലൂടെ ജയത്തിന്റെ വെന്നിക്കൊടി പാറിപ്പിച്ച കഥ. ഈ എല്ലാ കലാതിലകങ്ങൾക്കും സർഗാത്മകതയുടെ, ക്രിയാത്മകതയുടെ മുഖങ്ങളുണ്ട്. എല്ലാവരും സർഗാത്മകമായി വ്യത്യസ്തരാണ്. ഈ വ്യത്യസ്തത തന്നെയാണ് സർഗാത്മകതയ്ക്ക് മാറ്റ് കൂട്ടുന്നതും.

ഓരോ കലോത്സവവും ഓരോ അനുഭവങ്ങളാണ്. ഒരു അവസരവും പാഴാക്കാതെ സർഗാത്മകതയുടെ കൃത്യമായ ആവിഷ്ക്കരണം നടത്തുക എന്നതാണ് ഓരോ വിദ്യാർത്ഥിയുടെയും കടമ. സർഗപരമായ കഴിവുകൾ ഓരോരുത്തരും കണ്ടെത്തി പരിപോഷിപ്പിക്കണം.

കല സർഗാത്മകയുടെ ആവിഷ്ക്കാരവും ഒരു ഉത്സവം തന്നെയാണ് എന്ന് തിരിച്ചറിയുന്നിടത്താണ് കലോത്സവങ്ങളുടെ ആരംഭം.

"നമ്മുടെ ഉറക്കത്തിൽ കാണുന്നതല്ല സ്വപ്നം, നമ്മുടെ ഉറക്കം കെടുത്തുന്നതായിരിക്കണം സ്വപ്നം".

- ഡോ. എ. പി. ജെ. അബ്ദുൽ കലാമിന്റെ ഈ വാക്കുകൾ ഓരോ കലാപ്രതിഭയുടെയും സ്വപ്നങ്ങളെക്കുറിച്ചുള്ളതാണ്.

വർത്തമാന സമൂഹത്തിൽ നാം

62 nd Kerala School Kalolsavam, January 4 to 8, 2024, Kollam

**Item Code:** 944 **Participant Code:** 124

അനുഭവിക്കുന്ന ഒരു പ്രശ്നമാണ് ക്രിയാത്മകതയുടെ അഭാവം. നിർമ്മിത ബുദ്ധി കൊടികുത്തി വാഴുന്ന ആധുനിക ലോകത്ത് വളർന്നു വരുന്ന തലമുറ സ്വയം ചിന്തിക്കാനുള്ള ശേഷി നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. സർഗാത്മകത തന്നെ ഇല്ലാതാവുമോ എന്നത് ഒരു ചോദ്യചിഹ്നമായി ഉയരുന്നു. ആ അവസരത്തിലാണ് കലോത്സവത്തിന്റെ പ്രാധാന്യം നാം തിരിച്ചറിയുന്നത്.

സർഗാത്മകതയുടെ ഈറ്റില്ലമായ സ്കൂൾ കലോത്സവം ഏതൊരു കാലത്തും തലയെടുപ്പോടെ നിൽക്കുന്നു. ലോകം മാറിമറിയുകയാണെങ്കിലും കലോത്സവത്തിന് മാറ്റമുണ്ടാകാൻ പാടില്ല. അത് ഓരോ വർഷവും പൂർവാധികം ശക്തിയോടെ കടന്നുവരേണ്ടതാണ്.

മാനവരാശിയുടെ പുരോഗതിക്ക് ഒഴിച്ചുകൂടാനാവാത്ത സർഗാത്മകത

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

സർഗാത്മകത കലോത്സവവേദികളിൽ പ്രതിഫലിക്കുന്നു. ~~ഏവർക്കും~~ മനുഷ്യരുടെ അമൂല്യമായ സർഗ്ഗശേഷിയ്ക്ക് ഒരിക്കലും അന്ത്യമില്ല. ~~സ്കൂൾ കലോത്സവം സർഗശേഷിയുടെ വിളനിലങ്ങളായ സർഗാത്മക സ്കൂൾ കലോത്സവ~~ സ്കൂൾ കലോത്സവം സർഗാത്മകതയുടെ വിളനിലങ്ങളാണ് എന്ന് നമുക്ക് നിസ്സംശയം പറയാം.